# KMHSS KUTTOOR NORTH

## ACADEMIC MASTER PLAN

## 2025 - 2026

## ആമുഖം

മലപ്പുറം ജില്ലയിലെ കൊളപ്പുറം നഗരത്തിൽ നിന്ന് ഏകദേശം 2 കിലോമീറ്റർ അകലെ, പ്രശാന്ത സുന്ദരമായ കുറ്റൂർ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന കെ.എം.എച്ച്.എസ്.എസ്. കുറ്റൂർ നോർത്ത്, കേവലമൊരു വിദ്യാലയം എന്നതിലുപരി ഒരു ചരിത്രത്തിന്റെ പ്രതീകമാണ്. 1923-ൽ ബഹുമാനപ്പെട്ട കുഞ്ഞി മൊയ്തു സാഹിബ് കെ.പി. എന്ന മഹത് വ്യക്തി സ്ഥാപിച്ച ഈ വിദ്യാലയം, മലപ്പുറം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി തലയുയർത്തി നിൽക്കുന്നു. നൂറ്റാണ്ടോടടുക്കുന്ന ഈ വിദ്യാലയം, അനേകം തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകരുകയും അവരെ സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളിലെത്തിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ട്, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവും ബൗദ്ധികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് നിരന്തരമായി പരിശ്രമിക്കുന്ന ഈ വിദ്യാലയം, മികവിന്റെ പാതയിൽ മുന്നേറുകയാണ്. ഓരോ കുട്ടിക്കും അവരുടെ തനതായ കഴിവുകൾ തിരിച്ചറിഞ്ഞ്, അവയെ വികസിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്, സമഗ്രവും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ അനിവാര്യമാണ്.

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, കെ.എം.എച്ച്.എസ്.എസ്. കുറ്റൂർ നോർത്തിന്റെ ഭാവിയിലേക്കുള്ള ഒരു വഴികാട്ടിയാണ്. ഇത് വിദ്യാലയത്തിന്റെ നിലവിലുള്ള സാഹചര്യങ്ങളെ വിലയിരുത്തുകയും, അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും, വിദ്യാർത്ഥികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനും ആവശ്യമായ തന്ത്രങ്ങളും പരിപാടികളും രൂപീകരിക്കുകയും ചെയ്യുന്നു. ആധുനിക പഠനരീതികൾ, സാങ്കേതികവിദ്യയുടെ ഉപയോഗം, പാഠ്യേതര പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, അധ്യാപക പരിശീലനം, സാമൂഹിക ഇടപെടലുകൾ തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട്, ഒരു നൂതനവും സംയോജിതവുമായ വിദ്യാഭ്യാസ അന്തരീക്ഷം കെട്ടിപ്പടുക്കാനാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

2025 - 2026

പൊതുവായ ലക്ഷ്യങ്ങൾ

> എല്ലാ കുട്ടികൾക്കും ഭാഷ സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുമെന്ന് ഉറപ്പ് വരുത്തുക.

> മാതൃഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമായി ആസൂത്രണം ചെയ്യുക.

> ഭാഷാ ജ്ഞാനം വളർത്തുക

> ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പാക്കുക.

> ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | ഭൗതികം | കാലം |
|---|---|---|---|---|
| | Day 3 - വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്ലാസ്സ്, സ്കൂൾ സൗന്ദര്യ വത്കരണം | ക്ലാസ് ടീച്ചർ | ക്ലാസ്സ്റൂം | ജൂൺ 5 |
| | Day 4 - ആരോഗ്യം, വ്യായാമം, കായിക ക്ഷമത, ആഹാരശീലം | ,, | ,, | ജൂൺ 9 |
| | Day 5 - ഡിജിറ്റൽ അച്ചടക്കം | ,, | ,, | ജൂൺ 10 |
| | Day 6. പൊതുമുതൽ സംരക്ഷണം നിയമബോധം, കാലാവസ്ഥ മുൻ കരുതൽ | ,, | ,, | 11/06/2025 |
| | Day 7. പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | , | , | 12/06/2025 |
| | Day 8. പൊതു ക്രോഡീകരണം | ക്ലാസ് ടീച്ചർ | ക്ലാസ്റൂം | 13-06-2015 |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സ്ഥലം | കാലം |
|---|---|---|---|---|
| പ്രവേശനോത്സവം | 1 പ്രവേശനോത്സവ ഗാനത്തോടെ കുട്ടികളെ സ്വാഗതം ചെയ്യുന്നു.<br>2 പൊതു പരിപാടികൾ നടത്തുന്നു.<br>3 മധുരം വിതരണം ചെയ്യുന്നു. | സ്കൂൾ മാനേജ്മെന്റ്<br>PTA | ഹാൾ | June 2 |
| കുട്ടികളിൽ സന്മാർഗ്ഗ ബോധവും മൂല്യബോധവും വളർത്തുന്നതിന്. | പൊതുകാര്യങ്ങൾ<br>Day 1 - മയക്കുമരുന്ന്/ മദ്യലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണം. | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് തലം | ജൂൺ 3 |
| സമഗ്ര ഗുണമേന്മ - കുട്ടികളിൽ | Day 2 - റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. | ക്ലാസ്സ് ടീച്ചർ | " | ജൂൺ 4 |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | ഭൗതികം | കാലം |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീ ടെസ്റ്റ്<br>2 അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ചിഹ്നം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്യനിർമ്മാണം<br>6 ചിത്രം - അടിക്കുറിപ്പ്<br>7 ചിത്രം കഥയെഴുതൽ<br>8 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. (ശനി, വിജയസ്പർശം) | പി ടി എ<br>അധ്യാപകർ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | 3 മാസം<br>ജൂൺ,<br>ജൂലൈ<br>ഓഗസ്റ്റ്<br>ജൂൺ - ഫെബ്രുവരി. |
| 2 കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1 ക്ലാസ് വായനമൂല ഒരുക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരണം | ക്ലാസ്തലം<br>സ്കൂൾതലം | | ജൂൺ |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | ഭൗതികം | കാലം |
| --- | --- | --- | --- | --- |
| | 3 സമീപ ഗ്രന്ഥശാല സന്ദർശനം | | | |
| | 4. വായനോത്സവം സംഘടിപ്പിക്കൽ | വിദ്യാർഥ്യാപകർ | സ്കൂൾ ലൈബ്രറി | |
| | 5 പത്രവായന | | | ജൂൺ- |
| | 6 പുസ്തക ചർച്ച | | പുസ്തകങ്ങൾ, | സെപ്റ്റംബർ |
| | 7 വായനാനുഭവം | | ആനുകാലികങ്ങൾ | |
| | 8 വായനാക്കുറിപ്പ് പതിപ്പ് | | | |
| | 9 വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം | | | |
| | 10 ദിനാചരണം | | | |
| | 11 സാഹിത്യ കാരന്മാരുമായുള്ള അഭിമുഖം | | | ഒക്ടോബർ |
| | 12 ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനയും | | | ജൂൺ- ജനുവരി |
| | 14 ഇ- വായന | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | ഭൗതികം | കാലം |
|---|---|---|---|---|
| 3, കുട്ടികളെ മികച്ച എഴുത്തുകാരാക്കുക. | 1 എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3 വായനക്കുറിപ്പ്, പതിപ്പ്<br>4 വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5 ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6 സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7 വ്യക്തിഗത രചന, സംഘരചന<br>8 ഭാഷ പ്രോജക്ട്<br>9 സംവാദം<br>10 സാഹിത്യ-സാംസ്കാരിക ചിത്ര ഗാലറി | പിടിഎ അധ്യാപകർ | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | ജൂൺ- ~~[illegible]~~ ജൂൺ- ഓഗസ്റ്റ് |
| 4, സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1 പ്രസംഗ പരിശീലനക്കളരി വ്യത്യസ്ത വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കൽ | അധ്യാപകർ | ഓഡിയോ വീഡിയോ | ജൂലൈ- ~~[illegible]~~ ഒരു ആഴ്ച |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | ഭൗതികം | കാലം |
|---|---|---|---|---|
| 5 ആശയം, ധാരണ വളർത്തൽ | 1 പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ<br>2 കഥ<br>3 കവിത<br>4 നാടകം<br>5 യാത്രാവിവരണം, ലേഖനം അനുഭവ വിവരണം, ആത്മകഥ<br>6 കലാരൂപങ്ങൾ<br>7 പഠനയാത്ര, അഭിമുഖം<br>8 ചർച്ച, സംവാദം<br>9 ചലച്ചിത്ര പ്രദർശനം<br>10 ഷോർട്ട് ഫിലിം<br>11 യൂണിറ്റ് ടെസ്റ്റ് · ടേം ടെസ്റ്റ്<br>12 നിരന്തരമൂല്യനിർണ്ണയം | വിഷയാധ്യാപകർ | പാഠപുസ്തകങ്ങൾ, ദൃശ്യ ശ്രാവ്യ കാസറ്റുകൾ സിഡികൾ ഉപകരണങ്ങൾ | ജൂൺ മുതൽ<br>ജൂൺ- ഫെബ്രുവരി<br>സെപ്റ്റംബർ |

# KMHSS KUTTOOR NORTH

## VENGARA SUB.DIST .

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ഉർദു

### ആമുഖം

ഇന്തോ-ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിൽ ഒന്നാണ് ഉർദു. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരഭാഷയായ ഉർദു ഗസലുകളുടെയും ഖവ്വാലികളുടെയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്.

ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

### പൊതുലക്ഷ്യങ്ങൾ

- സ്വതന്ത്രമായ സർഗാത്മക രചനകൾ നടത്തുക.
- സവിശേഷമായ വിഷയങ്ങൾക്ക് അനുസൃതമായി എഴുതാനും ചിത്രരചനക്കും പ്രാവീണ്യം വളർത്തിയെടുക്കുക.
- ഉർദു ഭാഷയോട് താൽപര്യം ജനിപ്പിക്കുക.
- കഥകൾ, കവിതകൾ, സംഭാഷണങ്ങൾ, അനുഭവക്കുറിപ്പുകൾ തുടങ്ങി പരിചയപ്പെടുന്ന രചനകളിൽ സ്വന്തം ജീവിത പരിസരം, ജീവിതാനുഭവങ്ങൾ, സങ്കൽപങ്ങൾ, ഭാവന തുടങ്ങിയവ ഉൾപ്പെടുത്തി സർഗാത്മക

മായ കൂട്ടിച്ചേർക്കലുകൾ നടത്തുക.

- പരിചയപ്പെടുന്ന രചനകളെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റാനും അവതരിപ്പിക്കാനുമുള്ള ശേഷി വളർത്തുക.
- കൂട്ടുകാരോടും അധ്യാപകരോടും രക്ഷിതാക്കളോടും മുതിർന്നവരോടും സ്വതന്ത്രമായി ആശയവിനിമയത്തിൽ ഏർപ്പെടുക.
- കരിക്കുലം വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- എട്ട് മുതൽ പത്ത് വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പത്താം ക്ലാസ് കഴിയുന്നതോടെ ഉർദു വായിക്കാനും എഴുതാനും അത്യാവശ്യം ആശയവിനിമയം നടത്താനും സർഗാത്മക രചനകളിൽ ഏർപ്പെടാനുമുള്ള ശേഷി നേടുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉർദു ഭാഷ ടൈപ്പ് ചെയ്യാനും സ്വന്തം രചനകളിൽ ആവശ്യമായ ലേയൗട്ട് ചെയ്യാനുമുള്ള പരിശീലനം നൽകുക.
- ഉർദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം വളർത്തുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# പ്രവർത്തന കലണ്ടർ

1. പദ്ധതിയുടെ പേര് : پڑھ کر بڑھیں (വായിച്ച് വളരാം)

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | വായനയും ഉച്ചാരണവും മെച്ചപ്പെടുത്താൻ (വായനാകാർഡുകൾ, ബാലമാസികകൾ, പത്രങ്ങൾ, ആനുകാലിക സംഭവങ്ങൾ, കവിതകൾ, ഫലിതങ്ങൾ...) |
| പ്രക്രിയ | വായന മെച്ചപ്പെടുത്താൻ ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ |
| കാലയളവ് | 3 മാസം (ജൂൺ - ആഗസ്ത്) |
| നിർവഹണം | ടീച്ചർ, എച്ച്. എം, പി.ടി.എ |
| സാമ്പത്തികം | |
| ഡോക്യുമെന്റേഷൻ | ടീച്ചർ |
| പ്രചരണം | ടീച്ചർ |
| മോണിറ്ററിംഗ്, വിലയിരുത്തൽ | ടീച്ചർ, എച്ച്. എം, പി.ടി.എ |

2. പദ്ധതിയുടെ പേര് : لکھ کر پڑھیں (എഴുതിപ്പഠിക്കാം)

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | എഴുത്ത് മെച്ചപ്പെടുത്താൻ (നോട്ടീസ് ബോർഡ്, പോസ്റ്റർ...) |
| പ്രക്രിയ | അതാത് ദിവസങ്ങളിലെ പ്രധാന വാർത്തകൾ കുട്ടികൾ സ്വന്തം ശൈലിയിൽ എഴുതി പ്രദർശിപ്പിക്കുന്നു. വിശേഷ ദിവസങ്ങൾക്ക് അനുയോജ്യമായ പോസ്റ്ററുകൾ നിർമ്മിക്കുന്നു. |
| കാലയളവ് | 3 മാസം (സെപ്തംബർ-നവംബർ) |
| നിർവഹണം | ടീച്ചർ, എച്ച്. എം, പി.ടി.എ |
| സാമ്പത്തികം | |
| ഡോക്യുമെന്റേഷൻ | ടീച്ചർ |
| പ്രചരണം | ടീച്ചർ |
| മോണിറ്ററിംഗ്, വിലയിരുത്തൽ | ടീച്ചർ, എച്ച്. എം, പി.ടി.എ |

### 3. പദ്ധതിയുടെ പേര് : کر کے دکھائیں (ചെയ്തു കാണിക്കാം)

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | സർഗാത്മക കഴിവ് പരിപോഷിപ്പിക്കാൻ (സംഗീതം, ചിത്രരചന, സാങ്കേതിക വിദ്യാ പരിജ്ഞാനം...) |
| പ്രക്രിയ | കഥ, കവിത രചനകൾ, കവിതാലാപനം, ചിത്രരചന, ചുമർ ചിത്രങ്ങൾ, കാലിഗ്രാഫി, ഡിജിറ്റൽ ഉൽപന്നങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നു. |
| കാലയളവ് | 3 മാസം (ഡിസംബർ-ഫെബ്രുവരി) |
| നിർവഹണം | ടീച്ചർ, എച്ച്. എം, പി.ടി.എ |
| സാമ്പത്തികം | |
| ഡോക്യുമെന്റേഷൻ | ടീച്ചർ |
| പ്രചരണം | ടീച്ചർ |
| മോണിറ്ററിംഗ്, വിലയിരുത്തൽ | ടീച്ചർ, എച്ച്. എം, പി.ടി.എ |

# ARABIC CLUB

## KMHSS KUTTOR NORTH
## ACTIVITIES MASTER PLAN 2025 - 26

| NO | ACTIVITIES | DATE | DUTY | REMARKS |
|---|---|---|---|---|
| 1 | **അലിഫ് ടാലന്റ് ടെസ്റ്റ്, മികവ് തെളിയിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർ മത്സരങ്ങൾക്കായി പരിശീലിപ്പിക്കൽ**<br>ജൂലൈ 10ന് നടക്കുന്ന സ്കൂൾതല അലിഫ് ടാലന്റ് ടെസ്റ്റിൽ നിന്നും യോഗ്യത നേടിയ ടോപ് 3 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് തുടർന്ന് നടക്കുന്ന പരീക്ഷകളിൽ ഉയരങ്ങളിൽ എത്താൻ ആവശ്യമായ നിരന്തര പരിശീലനം നൽകൽ | JULY: 10 | AKT<br>SBK<br>MRS | |
| 2 | **CLUB ID CARD നൽകൽ**<br>എല്ലാ ക്ലാസ്സുകളിൽ നിന്നും അറബിക് ക്ലബിലേക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അറബിക് എഴുത്തോടു കൂടി പ്രത്യേകം രജിസ്റ്റർ നമ്പർ നൽകിയ **ID** കാർഡ് നൽകൽ | JULY | NK<br>SLM | |
| 3 | **ARABIC CLUB Formation Meet & Talent Hours**<br>ക്ലബിൽ അംഗമായവരെ സംഘടിപ്പിച്ച് ക്ലബ് ഫോർമേഷൻ സംഗമവും വിദ്യാർഥികളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള ടാലന്റ് ഹവേർസും | JULY | SBK<br>MRS | |
| 4 | **AI (Artificial Intelligence) സാധ്യതകൾ വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധത്തിൽ ഉപയോഗപ്പെടുത്തൽ**<br>ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയോഗിച്ച് 8,9,10 ക്ലാസ്സുകളിലെ അറബിക് പുസ്തകങ്ങളിലെ സംഭാഷണം, കവിത പോലോത്ത ഭാഗങ്ങൾ (ഒരു ചാപ്റ്ററെങ്കിലും) കുട്ടികൾക്ക് രസകരമാവും വിധത്തിൽ ചിത്രീകരിക്കൽ. ഇതിന്റെ(AI) ക്രിയേഷൻ അധ്യാപക സുഹൃത്തുക്കൾക്ക് എളുപ്പത്തിൽ പഠിക്കാനുള്ള സാഹചര്യവും ഒരുക്കൽ | AUGUST | AKT<br>NK | |
| 5 | **സ്പെഷ്യൽ ദിനങ്ങളിൽ അറബിക് പോസ്റ്ററും ഓൺലൈൻ പ്രോഗ്രാമുകളും**<br>ഓഗസ്റ്റ് 15 : സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 : അധ്യാപക ദിനം<br>നവംബർ 1 : കേരളപ്പിറവി ദിനം<br>ജനുവരി 26 : റിപ്പബ്ലിക് ഡേ<br>തുടങ്ങിയ ദിനങ്ങളിൽ നല്ല സന്ദേശം നൽകുന്ന അറബിക് പോസ്റ്ററുകൾ തയ്യാറാക്കി ഷെയർ ചെയ്യലും സാഹചര്യത്തിനനുസരിച്ച് ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കലും. | AUGUST<br>SEPTEMBER<br>NOVEMBER<br>JANUARY | SLM<br>SBK<br>MRS | |

| NO | ACTIVITIES | DATE | DUTY | REMARKS |
| --- | --- | --- | --- | --- |
| 6 | **സബ് ജില്ലാ കലോത്സവത്തിലേക്കുള്ള പ്രതിഭകളെ കണ്ടെത്തൽ**<br><br>വരാനിരിക്കുന്ന അറബിക് കലോത്സവങ്ങളിൽ സ്കൂളിന് ഉയർന്ന സ്ഥാനം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 19 ഇനങ്ങളിലേക്കും അനുയോജ്യരായ പ്രതിഭകളെ ജൂലൈ മാസത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ നിരന്തര പരിശീലനം നൽകൽ<br><br>ഒന്നാം ഘട്ടമായി താഴെ നൽകിയ 8 വിഭാഗം കലകളിൽ കഴിവുള്ളവരെ അധ്യാപകർ അവരവരുടെ ഡിവിഷനുകളിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുക. ഇതിൽ ഏറ്റവും മികവു കാണിക്കുന്നവരെ കണ്ടെത്തി ജൂലൈ മാസത്തിൽ തന്നെ അവർക്കുള്ള പരിശീലനം ആരംഭിക്കുക<br><br>**8 വിഭാഗം കലകൾ - (ബ്രാക്കറ്റിൽ അനുബന്ധ മത്സരങ്ങളും)**<br><br>പാട്ടുപാടാൻ കഴിവുള്ളവർ<br>(അറബി ഗാനം (B), അറബിക് ഗാനം (G), പദ്യം ചൊല്ലൽ(B), പദ്യം ചൊല്ലൽ (G), സംഘ ഗാനം)<br><br>അറബി ശരിയായ ഉച്ചാരണത്തിൽ സംസാരിക്കാൻ കഴിവുള്ളവർ<br>(അറബി പ്രസംഗം, കഥാപ്രസംഗം, മോണോ ആക്ട്, സംഭാഷണം)<br><br>അറബി നല്ല കയ്യെഴുത്തിലും മനഃപ്പാഠത്തിലും കഴിവുള്ളവർ<br>(ഉപന്യാസം, കഥാരചന)<br><br>അറബിക് " ഇൻഷാഅ് " കഴിവുള്ളവർ - ധാരാളം അറബി വാക്കുകൾ അറിയുന്നവരും, വാചകങ്ങൾ ഉണ്ടാക്കാൻ കഴിവുള്ളവരും)<br>(അടിക്കുറിപ്പ്, വിവർത്തനം, നിഘണ്ടു നിർമ്മാണം, പ്രശ്നോത്തരി)<br><br>ഹിഫ്ള് കഴിവുള്ളവർ<br>(മുഷാഅറ)<br><br>വരക്കാനും കാലിഗ്രാഫിക്കും കഴിവുള്ളവർ<br>(പോസ്റ്റർ നിർമ്മാണം)<br><br>പാരായണം കഴിവുള്ളവർ<br>(ഖുർആൻ പാരായണം)<br><br>അഭിനയിക്കാൻ കഴിവുള്ളവർ<br>(നാടകം) | JULY | AKT<br><br>SBK<br><br>NK<br><br>MRS<br><br>SLM | |

| NO | ACTIVITIES | DATE | DUTY | REMARKS |
|---|---|---|---|---|
| 7 | **അറബിക് ഷോർട്ട് ഫിലിം / ഷോർട്ട് ഡോക്യുമെന്ററി നിർമ്മാണം**<br>പൊതുജനങ്ങൾക്ക് നല്ല സന്ദേശം നൽകുന്ന പരിമിതമായ എണ്ണത്തിൽ നമ്മുടെ വിദ്യാർത്ഥികളെയും അധ്യാപകർ, HM, മാനേജ്മെന്റ് പ്രതിനിധികൾ (ആവശ്യമെങ്കിൽ) ഉൾക്കൊള്ളിച്ചു കൊണ്ട് 10 മിനിറ്റിൽ താഴെയുള്ള ഷോർട്ട് ഫിലിമോ / ഡോക്യുമെന്ററിയോ നിർമ്മിക്കൽ.<br>വിഷയം ഉദാഹരണമായി ലഹരിക്കെതിരെ / സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം / പരസ്പര സഹായം / നല്ല കൂട്ടുകാരൻ Etc... | NOVEMBER | AKT<br>MRS<br>SBK | |
| 8 | **അറബി ഭാഷാ ദിനാഘോഷം - വ്യത്യസ്ത പരിപാടികൾ**<br>ഡിസംബർ 18 ലോക അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് ഓൺലൈൻ ക്വിസ്, 'Arabic Expo' എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കൽ | DECEMBER | NK<br>SLM | |
| 9 | **അറബിക് E-Magazine**<br>നമ്മുടെ ക്ലബ്ബ് പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ മികച്ച രചനകളും ഉൾപ്പെടുത്തി അധ്യായന വർഷത്തിന്റെ അവസാനത്തിൽ E-Book സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു ഇ- മാഗസിൻ നിർമ്മിക്കൽ. | JANUARY | NK<br>SBK<br>MRS | |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Edit with WPS Office

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോഴ്സ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Pravisha Raveendran.K
Pra

Edit with WPS Office

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** (UP & HS) **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

Pravisha Raveendran K

## HIGH SCHOOL ENGLISH ACADEMIC MASTER PLAN 2025 - 2026 KMHSS KUTTOOR NORTH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | ന്യൂസ് പേപ്പർ റീഡിങ് | ജൂൺ | എസ്ആർജി, ഇംഗ്ലീഷ് ക്ലബ്ബ് | മാനേജ്മെന്റ് |
| 2. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | അക്ഷര സ്ലൈഡ്സ്, പദ സ്ലൈഡ്സ്, വാക്യനിർമ്മാണത്തിനുള്ള സ്ലൈഡുകൾ. | ജൂലായ് - അക്കാദമിക വർഷം | എസ്ആർജി, ടീച്ചേർസ് | മാനേജ്മെന്റ് |
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | വേർഡ് പവർ മെയ്ഡ് ഈസി പദ്ധതി | ആഗസ്റ്റ് | എസ്ആർജി, ടീച്ചേർസ് | മാനേജ്മെന്റ് |
| 4.കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. | സെപ്തംബർ - അക്കാദമിക വർഷം | എസ്ആർജി ,ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ, മാനേജ്മെന്റ് |
| 5. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | ലിറ്ററി ഫെസ്റ്റ് | ഒക്ടോബർ | എസ്ആർജി, ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 6. നാടകീകരണം | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | നവംബർ - ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം (പ്രൊജക്ഷൻ റൂം) | എസ്ആർജി, ടീച്ചേർസ് | മാനേജ്മെന്റ് |
| 7. വിമർശനാത്മക സാഹിത്യ നിരൂപണം | Book Reviews രചനകളുടെ പ്രദർശനം (Magazine) | ഡിസംബർ - അക്കാദമിക വർഷത്തിൽ ഒന്ന് | എസ്ആർജി, ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |
| 8. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖങ്ങൾ ഹൈടെക്ക് ക്ലാസ്സ് റൂമുകളിൽ പ്രദർശിപ്പിച്ച് ചർച്ചകൾ സംഘടിപ്പിക്കുന്നു | ജനുവരി - അക്കാദമിക വർഷം | എസ്ആർജി, ടീച്ചേർസ് | എസ്ആർജി, മാനേജ്മെന്റ് |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ ദിവസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

അക്കാദമിക മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ് – 2025 – 2026

| Month | പ്രവർത്തനങ്ങൾ | ദിനാചരണങ്ങൾ | പങ്കാളികൾ | കാലയളവ് |
| --- | --- | --- | --- | --- |
| ജൂൺ | പാഠഭാഗം ലക്ഷ്യമാക്കുന്നതിനു, CWSN കുട്ടികൾക്കു വേണ്ട പഠന പിന്തുണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഇനങ്ങൾ Text book - ഉപയോഗം. സാമൂഹ്യശാസ്ത്രക്ലാസ്സുകൾ, ക്ലബ് രൂപീകരണം നടത്തുക | പരിസ്ഥിതിദിനം. ലഹരിവിരുദ്ധദിനം ജൂൺ തല ബോധവത്കരണം | മാനേജ്മെന്റ്, PTA രക്ഷിതാക്കൾ ഉൾപ്പടെ. | 2025 -26 |
| ജൂലൈ | പഠന വിടവ് കണ്ടെത്തുന്നതിനായി പ്രീടെസ്റ്റ് പഠന വിടവ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക വർക്ക്ഷീറ്റ്, തിരഞ്ഞെടുപ്പ് സ്കൂൾ പാർലമെന്റ് രൂപീകരണം. | ചാന്ദ്രദിനാചരണം ദിനാചരണങ്ങളുടെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കൽ | അധ്യാപകർ രക്ഷിതാക്കൾ മാനേജ്മെന്റ് ഉൾപ്പടെ. | 1 മാസം. |
| ആഗസ്റ്റ് | ഓണം പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, സോഷ്യൽസയൻസ് ലാബ് സാമൂഹ്യശാസ്ത്ര ലൈബ്രറി സജ്ജമാക്കൽ. | ആഗസ്റ്റ് 15 സ്വാതന്ത്ര്യദിന ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു. | PTA, അധ്യാപകർ, MPTA വിദ്യാർത്ഥികൾ ഉൾപ്പടെ, Management | 2025 - 26 |
| സെപ്റ്റംബർ | പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി പിന്തുണ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ. പ്രാദേശിക ചരിത്ര അവബോധം സൃഷ്ടിക്കാൻ ഫീൽഡ് ട്രിപ്പുകൾ മാതൃകയിൽ അറിവും, പഠനയാത്ര, പ്രാദേശിക ചരിത്രരചന പരിപാടികൾ | | | 1 മാസം |
| ഒക്ടോബർ | ചരിത്രപ്രധാന ദിനങ്ങൾ, സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട നേതാക്കൾ, അവരുടെ സാമൂഹ്യശാസ്ത്ര രംഗത്തെ കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നു. സാമൂ | ഗാന്ധിജയന്തി - വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. | | |

| | | | |
|---|---|---|---|
| | [illegible] ശാസ്ത്ര അറിവുകൾ പങ്കുവെക്കാനായി [illegible] ബോർഡ് ഒരുക്കുക. | | 1 month. |
| നവംബർ | രണ്ടാം പാദവാർഷിക പരീക്ഷ ഒരുക്കം. അധികവിവരങ്ങൾ ഉറപ്പുവരുത്തൽ. പഠന ഭാഗം ഉൾപ്പെടുത്തിയ [illegible] വിവിധ, IT സാധ്യത ഉപയോഗിച്ച് പഠനം എളുപ്പമാക്കുന്നു. | [illegible], [illegible] ദിനാചരണം | 1 മാസം. |
| ഡിസംബർ | രണ്ടാം പാദവാർഷിക പരീക്ഷ, മൂല്യനിർണ്ണയം, വിലയിരുത്തൽ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. സാമൂഹ്യശാസ്ത്ര ലൈബ്രറി വിപുലമാക്കൽ. | അദ്ധ്യാപകർ കുട്ടികൾ [illegible] നേതൃത്വത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. | 2025 - 2026. |
| ജനുവരി. | പൗരധർമ്മം മനസ്സിലാക്കുക. രാജ്യത്തെ പരമോന്നത [illegible] രാജ്യമായി മാറിയതിന്റെ [illegible]. [illegible] Field trip സംഘടിപ്പിക്കുന്നു. | SS ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. | 1. മാസം. |
| ഫെബ്രുവരി | വാർഷിക പരീക്ഷയ്ക്കായി കുട്ടികളെ സജ്ജമാക്കുന്നു. | SS ക്ലബ്, Teachers, Management, School [illegible] | |

പ്രവർത്തനങ്ങളുടെ ചുമതല : SS കൺവീനർ, ക്ലബ് കൺവീനർ, PTA, വിദ്യാർത്ഥികൾ, MPTA, അദ്ധ്യാപകർ.

ACADEMIC MASTER PLAN - 2025 - 2026 - PHYSICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കൗതുകം, ജിജ്ഞാസ നിറഞ്ഞ പാഠം എന്നിവ പരിപോഷിപ്പിക്കുക. | * നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ പരിചയപ്പെടുത്തുക.<br>* ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുക.<br>* മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ, കവിതകൾ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കുന്നു. | 3 മാസം | സയൻസ് അധ്യാപകർ | |
| 3) ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്താൻ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 3 മാസം | സയൻസ് അധ്യാപകർ | |
| 4) റോഡ് സുരക്ഷ അവബോധം | * റോഡ് സൈനുകൾ കുട്ടികളെ പരിചയപ്പെടുത്തുക.<br>* റോഡ് സുരക്ഷയെ പറ്റിയുള്ള ഒരു സെമിനാർ സംഘടിപ്പിക്കുക. | ആഗസ്റ്റ് | സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) ശാസ്ത്രമനോഭാവം വളർത്തിയെടുക്കൽ | ലഘു പരീക്ഷണം, ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ശാസ്ത്ര ക്വിസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 6) ശാസ്ത്ര ലാബ് നവീകരിക്കൽ ശാസ്ത്രലാബിന്റെ കാലാനുസൃതമായ നവീകരണം | ഫിസിക്സുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സാമഗ്രികൾ പ്രത്യേകം സജ്ജീകരിക്കുന്നു. | ജൂൺ മാസം | സയൻസ് അധ്യാപകർ | |

## HS CHEMISTRY ACADEMIC MASTER PLAN 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി FLASH MOB സംഘടിപ്പിക്കുന്നു സ്കൂളിലും പരിസര പ്രദേശങ്ങളിലും ഇത് അവതരിപ്പിക്കുന്നു | ജൂൺ | അധ്യാപകർ | |
| 2. [illegible] ദിനം<br>2. ചാൾസ് ഡാർവിൻ ദിനം | വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തുന്നതിന്റെ ഭാഗമായി ഡാർവിന്റെ പരിണാമ സിദ്ധാന്തം സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും മനസ്സിലാക്കുന്ന രീതിയിൽ എല്ലാ ക്ലാസിലും വിവരണം നടത്തുകയും ക്ലാസുകളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | ഫെബ്രുവരി | വിദ്യാർത്ഥികൾ | |
| 3. ചാന്ദ്രദിനം | ചാന്ദ്രദിന പതിപ്പുകൾ തയ്യാറാക്കുന്നു | ജൂലായ് | വിദ്യാർത്ഥികൾ | |
| 4. കർഷക ദിനം | കാർഷിക വൃത്തിയും കാർഷിക വിളകളും കാലാവസ്ഥകളും ഇവയെപ്പറ്റി ബോധവൽക്കര | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ന്ന നടത്തുന്നു | ആഗസ്റ്റ് | അദ്ധ്യാപകർ | |
| 5. ഓസോൺ ദിനം | ഓസോൺ പാളിയിൽ ഓക്സിജൻ ഓസോൺ ആയിമാറുന്നത് ഓസോൺ ഓക്സിജനായ് മാറുന്ന തുടർച്ചയായ രാസപ്രവർത്തനം വിശകലനം ചെയ്യുന്നു ഓസോൺ പാളിയുടെ ശോഷണത്തിന് ഇടയാകുന്ന വാതകങ്ങളെല്ലാം അവയുടെ ശോഷണം തടയുന്നതിന് ആവശ്യമായ വാതകങ്ങളെയും കുറിച്ചുമായി ക്ലാസുകളിൽ ചർച്ച. നടത്തുന്നു | സെപ്റ്റംബർ | അദ്ധ്യാപകർ | |
| 6. അന്താരാഷ്ട്ര ശാസ്ത്ര ദിനം | ശാസ്ത്രത്തിന്റെ ഭാഗമായി ശാസ്ത്ര അവബോധം നടത്തുന്നതിനെ വളർത്തുന്ന ഭാഗമായി സസ്യശാസ്ത്ര ജീവ ശാസ്ത്രം, ഭൗതികശാസ്ത്ര | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഒരു മാസത്തിൻ ഇരുപതുകളെയും ഒത്തൊരുമിച്ചുകൊണ്ട് ശാസ്ത്ര ലാബിൽ വെച്ച് പരീക്ഷണങ്ങൾ നടത്തി വിദ്യാർത്ഥികളിലെ ശാസ്ത്ര അവബോധം വളർത്തുന്നു | നവംബർ | അദ്ധ്യാപകരും ശാസ്ത്രക്ലബ് അംഗങ്ങളും | |

# HS BIOLOGY ACADEMIC MASTER PLAN 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. പരിസ്ഥിതി ദിനത്തിൻ്റെ പ്രാധാന്യം മനസ്സിലാക്കുക. | പരിസ്ഥിതി ദിനാഘോഷത്തിൻ്റെ ഭാഗമായി flash mob സംഘടിപ്പിക്കുക. സ്കൂളിലും പരിസരപ്രദേശങ്ങളിലും അത് അവതരിപ്പിക്കുക | ജൂൺ | അധ്യാപകർ | മാനേജ്മെൻ്റ് |
| 2. ബോധവൽക്കരണ ക്ലാസ് നടത്തുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കുക | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണ ക്ലാസിൽ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നി ~~ക~~ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കുന്നു. | ജൂൺ | ബയോളജി അധ്യാപകർ | |
| 3. വിദ്യാർത്ഥികളുടെ രക്തഗ്രൂപ്പ് തിരിച്ചറിയുക. രക്തഗ്രൂപ്പ് നിർണ്ണയ രീതികളുമായി പരിചയം നേടുക | അന്തർദേശീയ രക്തദാന ദിനത്തോടനുബന്ധിച്ച് ഉള്ള പ്രവർത്തനം എന്ന നിലയിൽ പത്താം തരത്തിലെ കുട്ടികളുടെ രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തുന്നു. | ജൂൺ | ബയോളജി അധ്യാപകർ | മാനേജ്മെൻ്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | പത്താം തരത്തിലെ ഒന്നാം പാഠഭാഗത്തെ ഒരു പ്രവർത്തനമെന്ന നിലയിൽ DNA യുടെ മാതൃക നിർമ്മിക്കുന്നതിന് കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് നേതൃത്വം നൽകുന്നു. | ജൂലൈ | ബയോളജി അധ്യാപകർ | |
| 5. ശാസ്ത്രലാബ് ക്രമീകരിക്കുക | സ്കൂൾ ശാസ്ത്രലാബിലെ ബയോളജി വിഷയവുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ ഇനം തിരിച്ച് ക്രമീകരിക്കുന്നു. ക്ലാസ്സുകളിലേക്ക് അനായാസം കൊണ്ടുപോകാവുന്ന മൊബൈൽ ലാബ് കിറ്റ് തയ്യാറാക്കുന്നു. | ഓഗസ്റ്റ് | ബയോളജി അധ്യാപകർ | മാനേജ്മെന്റ് |
| 6. ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കുക | വിദ്യാർത്ഥികളുടെ ശാസ്ത്ര അഭിരുചി വളർത്തുന്നതിനായി ശാസ്ത്രോത്സവം നടത്തുന്നു. സ്കൂൾ ശാസ്ത്രമേള, ശാസ്ത്ര ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | SRG അധ്യാപകർ സയൻസ് ക്ലബ് | മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. "ഒരു പുഞ്ചിരി കൊണ്ട് മനുഷ്യരിൽ ഉണ്ടാകുന്ന പോസിറ്റീവ് ഊർജ്ജത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | ലോക പുഞ്ചിരിദിനത്തിന്റെ ഭാഗമായി ഓരോ ക്ലാസ്സുകളിലെയും പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു ഫോട്ടോഗ്രാഫി മത്സരം നടത്തുന്നു. വിഷയം :- "സ്കൂൾ ക്യാമ്പസിലെ ഏറ്റവും മനോഹരമായ പുഞ്ചിരി." | ഒക്ടോബർ | SRG അദ്ധ്യാപകർ | — |
| 8. ഭക്ഷണം പാഴാക്കുന്നതിനെതിരെ അവബോധം സൃഷ്ടിക്കുക | ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് സ്കൂളിൽ പലയിടങ്ങളിലായി ഭക്ഷണം പാഴാക്കുന്നതിനെതിരെ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നു. | ഒക്ടോബർ | ബയോളജി അദ്ധ്യാപകർ | മാനേജ്മെന്റ് |
| 9. പ്രമേഹത്തിനെതിരെ ബോധവൽക്കരണം നടത്തുക. | ദേശീയ പ്രമേഹ ദിനത്തോടനുബന്ധിച്ച് സ്കൂൾ നോട്ടീസ് ബോർഡിൽ ഒരു ബോധവൽക്കരണ പോസ്റ്റർ സ്ഥാപിക്കുന്നു. | നവംബർ | സയൻസ് ക്ലബ് വിദ്യാർത്ഥികൾ | |
| 10. AIDS പ്രതിരോധത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുക | AIDS ചിഹ്നം നിർമ്മിക്കുകയും സ്കൂൾ സ്റ്റാഫംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. | ഡിസംബർ | സയൻസ് ക്ലബ് വിദ്യാർത്ഥികൾ | ബയോളജി അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 11. പത്താം തരം റിവിഷൻ ക്ലാസ്സുകൾ നടത്തുക. | പത്താം തരം റിവിഷനുമായി ബന്ധപ്പെട്ട് series test കൾക്കുവേണ്ടി ചോദ്യപേപ്പർ നിർമ്മാണത്തിലേർപ്പെടുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരുന്നതിന് വേണ്ടി പഠനസഹായികൾ തയ്യാറാക്കുന്നു. | ജനുവരി | ബയോളജി അധ്യാപകർ | |
| 12. സ്കൂൾ ക്യാമ്പസ്സിലെ സസ്യലതാദികളെ തിരിച്ചറിയുക. | ദേശീയ ശാസ്ത്രദിനത്തിന്റെ ഭാഗമായി സ്കൂൾ ക്യാമ്പസിലെ സസ്യലതാദികളെ തിരിച്ചറിഞ്ഞ് അവയ്ക്ക് scientific name board സ്ഥാപിക്കുന്നു | ഫെബ്രുവരി | ബയോളജി അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ | മാനേജ്മെന്റ് |
| 13. വംശനാശ ഭീഷണി നേരിടുന്ന വന്യജീവികളെക്കുറിച്ച് ധാരണ സൃഷ്ടിക്കുക | ലോക വന്യജീവിദിനത്തോടനുബന്ധിച്ച്, വംശനാശഭീഷണി നേരിടുന്ന വന്യജീവികളുടെ ആൽബം തയ്യാറാക്കുന്നു. | മാർച്ച് | സയൻസ് ക്ലബ് അംഗങ്ങൾ | |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

## Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
| --- | --- | --- | --- | --- |
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്-ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Maths talent test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ~~കി~~ ഗണിതക്വിസ് മത്സരം<br>• പതാക നിർമ്മാണം<br>• Peer Tutoring - Teach a Topic (മത്സരം) |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gebra (പ്രത്യേക പരിശീലനം<br>• Sep - 5 Teachers day കുട്ടി ടീച്ചർ മത്സരം |

SRG CONVENOR – RASHIDA PARAKKAL

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക<br>• Maths puzzle day സംഘടിപ്പിക്കുക. |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (without '0' the world is nothing, write a letter to zero.) |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം.<br>• Star making മത്സരം. |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • Geomatrical chart Collection |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026 പ്രവൃത്തിപഠനം.

ക്ലബ്ബ് രൂപീകരണം രണ്ടാം ആഴ്ചയിൽ

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിൻതുണ |
|---|---|---|---|---|---|---|
| 1. | പ്ലാസ്റ്റിക്കിനെതിരെ പരിസ്ഥിതിസംരക്ഷണം. | പേപ്പർ ക്യാരിബാഗ് നിർമ്മാണം ഫ്ലോർമാറ്റ് നിർമ്മാണം. പഴയ ജീൻസ്, ബനിയൻ എന്നിവ ഉപയോഗിച്ച്. | ജൂൺ മുതൽ | നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ | 1000/- | PTA HM Needlework Teacher- |
| 2. | ശുചിത്വ സംരക്ഷണം | [illegible] നിർമ്മാണം. വെയ്സ്റ്റ് ബാസ്കറ്റ് നിർമ്മാണം. | ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ | 2000/- | HM PTA. |
| 3 | വസ്ത്രങ്ങൾ മോടി പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | തുണിയിൽ ചായം [illegible], വെണ്ടയ്ക്കയിൽ പ്രിന്റ് വാഴത്തണ്ട് എന്നിവയുടെ വഴി. | സെപ്റ്റംബർ ഡിസംബർ | ആവശ്യമായ സാധന സാമഗ്രികൾ. | 1500/ | പൂർവ്വ വിദ്യാർത്ഥികൾ PTA HM. |

| | | | | | | |
|---|---|---|---|---|---|---|
| | ...ദ്ധോപകരണങ്ങൾ ...ലക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ക്രിസ്മസ് ട്രീ ആശംസാ കാർഡ് നിർമ്മാണം സ്റ്റാർ നിർമ്മാണം. | ഡിസംബർ ജനുവരി. | ആവശ്യമായ സാധന സാമഗ്രികൾ | | HM Needle work Teacher. |
| 5 | ശില്പശാലകൾ | ചന്ദനത്തിരി നിർമ്മാണം, ചോക്ക് നിർമ്മാണം, LED ബൾബ് നിർമ്മാണം | ഫെബ്രുവരി മാർച്ച് | നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ | 5000/- | HM പ്രവൃത്തി പരിചയ അധ്യാപിക. |
| 6. | ഡ്രിപ്പിംഗ് (തുള്ളിനന) | ജലം കൂടുതൽ പാഴാകാതിരിക്കാൻ നനക്കുന്ന രീതി. | ഫെബ്രുവരി മെയ്. | നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ | 5000/- | PTA കൃഷിഭവൻ HM. |

# കലാപഠനം

സർഗ്ഗാത്മക് നിരീക്ഷണ പാടവം തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. പാഠ്യപദ്ധതിയിൽ കലാപഠനത്തിൽ ചിത്രരചന. സംഗീതം, നൃത്തം, അഭിനയം എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ഇത്തരം മേഖലകളിലുള്ള കഴിവുകൾ തിരിച്ചറിയാനും, പുഷ്ടിപ്പെടുത്താനും ഉതകുന്ന പ്രവർത്തനങ്ങളാണ് കലാപഠനം വാർഷികപ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളിലും കലാപരമായ കഴിവ് വളർത്തിയെടുക്കുകയും ചിത്രകലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.
2. Art Education എല്ലാ കുട്ടികളിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളിൽ കലകളിലൂടെ പരിഗണന ഉറപ്പുവരുത്തുകയും, പഠനപ്രവർത്തനങ്ങളിൽ ഒരുപോലെ തത്പരരാക്കലും.
4. കലോത്സവവേദികളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ.
5. കലാപഠനം കുട്ടികളിലെ സർഗ്ഗശേഷിയെ മെച്ചപ്പെടുത്തുകയും, കുട്ടികളുടെ തലച്ചോറിന്റെ ഗുണാത്മകവളർച്ചയെ ഏറെ സഹായിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക.
6. ലോകത്തെവിടെയുമുള്ള കുട്ടികൾക്ക് കിട്ടുന്ന പഠനാനുഭവങ്ങൾ നമ്മുടെ കുട്ടികൾക്കും കിട്ടുന്നു എന്ന് ഉറപ്പുവരുത്തുക.
7. കുട്ടികളിൽ ആത്മവിശ്വാസം, ആത്മബോധം, അന്യരെ അംഗീകരിക്കൽ എന്നീ ഗുണങ്ങൾ വികസിക്കുന്നതിൽ കലാപഠനത്തിന്റെ പങ്ക്.
8. ഓരോ കുട്ടിക്കും വ്യക്തിഗതമായി എത്തിച്ചേരാവുന്ന പരമാവധിയിലേക്കെത്തുവാൻ അവസരമൊരുക്കൽ.
9. വിവിധ കലകളോട് ആഭിമുഖ്യം വളർത്തുകയും, ആസ്വാദനനിലവാരം ഉയർത്തുകയും ചെയ്യുക.

10. വിവിധകലകളെ സാമൂഹ്യപരിഷ്കരണ ലക്ഷ്യത്തോടെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കൽ.

11. ആർട്ട് ഗാലറി, പെയിന്റിംഗ് സ്റ്റുഡിയോ, ഡിജിറ്റൽ തിയേറ്റർ എന്നിവയുടെ സാധ്യത.

പ്രവർത്തനങ്ങൾ

1. ക്ലബ്ബ് രൂപീകരണം
2. ക്യാമ്പുകൾ
3. പ്രദർശനങ്ങൾ
4. വ്യക്തിത്വവികസന ശിൽപശാലകൾ
5. വാർത്തയും പ്രതികരണവും പരിപാടി
6. മാധ്യമ അവബോധം-പത്ര-ദൃശ്യ മാധ്യമപ്രവർത്തനങ്ങൾ വഴി മാധ്യമ അവബോധം സൃഷ്ടിക്കൽ.
7. സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ മുന്നേറിയവരുമായി സംവദിക്കൽ, അഭിമുഖം.
8. ഓരോ ക്ലാസ്സിലും ആർട്ട് കോർണർ ഒരുക്കൽ.
9. പ്രകൃതിയുമായുള്ള ബന്ധം വളർത്താൻ വിദ്യാലയത്തിന് അടുത്തുള്ള വയൽ, കാവുകൾ, കുളങ്ങൾ സന്ദർശിക്കുക.
10. കലാപഠന ഡയറി/നോട്ട് ബുക്ക് തയ്യാറാക്കൽ.
11. കലാപഠനത്തിൽ പ്രകടന വിലയിരുത്തൽ, പോർട്ട് ഫോളിയോ വിലയിരുത്തൽ.
12. 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്നതിലൂടെ നിലപാടുകളും കാഴ്ചപ്പാടുമുള്ള കുട്ടികളെ വിഭാവനം ചെയ്യുന്നു.
13. ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കാൻ ചിത്രങ്ങൾ, ലഘുകുറിപ്പുകൾ, ദൃശ്യങ്ങൾ എന്നിവ തയ്യാറാക്കൽ.

14. ആർട്ട് ഗാലറി, പെയിന്റിംഗ് സ്റ്റുഡിയോ, ഡിജിറ്റൽ തിയേറ്റർ എന്നിവ വിദ്യാലയത്തിൽ പ്രാവർത്തികമാക്കൽ.

**വാർഷികപദ്ധതി**

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തികം |
|---|---|---|---|
| ആർട്ട് ക്ലബ്ബ് രൂപീകരണം | സ്കൂൾ തുറന്ന് രണ്ടാം ആഴ്ചയിൽ ക്ലബ്ബ് രൂപീകരണം | ജൂൺ മുതൽ ഫെബ്രുവരി വരെ | കലാഅദ്ധ്യാപകൻ |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളിൽ കലയുടെ പ്രാധാന്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ മുതൽ | ആർട്ട് ക്ലബ്ബ് അംഗങ്ങൾ/ അദ്ധ്യാപകർ |
| ക്ലാസ്തല ചിത്രപ്രദർശനം | ഓരോ ക്ലാസ്സിലും ആർട്ട് കോർണർ സജ്ജീകരണം | ജൂൺ 15 മുതൽ | ക്ലാസ്സ് ലീഡർ/ക്ലാസ്സ് അദ്ധ്യാപകർ |
| ചിത്രകലാക്യാമ്പുകൾ/ശിൽപശാലകൾ | പ്രമുഖ വ്യക്തികളുമായുള്ള അഭിമുഖങ്ങൾ നടത്തുന്നു | ആഗസ്റ്റ് നവംബർ | കലാ അദ്ധ്യാപകൻ, ക്ലബ്ബ് അംഗങ്ങൾ 10,000/- |
| ചിത്ര/ശിൽപ പ്രദർശനങ്ങൾ | ചിത്രവായന കുട്ടികളിൽ കൂടുതൽ അറിവ് നേടാനും ആസ്വാദനനിലവാരം ഉയർത്താനും | ജൂലൈ സെപ്തംബർ | ക്ലബ്ബ് അംഗങ്ങൾ/4,000/- |
| ശിൽപ നിർമ്മാണം | 'ക്യാമ്പസ് ഒരു പാഠപുസ്തകം' ഭാഗമായി സ്വന്തമായി നിലപാടുകളും കാഴ്ചപ്പാടുകളും കുട്ടികൾക്ക് വിഭാവനം ചെയ്യുന്നു | ജൂൺ മുതൽ ജനുവരി വരെ | കലാഅദ്ധ്യാപകൻ, മാനേജ്മെന്റ്, പി.ടി.എ, ക്ലബ്ബ് അംഗങ്ങൾ 50,000/- |
| ക്ലാസ്സ്തല കൈയെഴുത്ത് മാസിക നിർമ്മാണം | മാധ്യമ അവബോധവും സർഗ്ഗാത്മകത വളർത്തുന്ന രീതിയിലും ഉള്ള പ്രവർത്തനങ്ങൾ | ജൂൺ 19 മുതൽ ജൂൺ 30 വരെ | കുട്ടികൾ/ക്ലാസ്സ് അദ്ധ്യാപകർ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തികം |
|---|---|---|---|
| ആർട്ട് ഗാലറി, പെയിന്റിംഗ് സ്റ്റുഡിയോ, ഡിജിറ്റൽ തിയേറ്റർ | വരയ്ക്കാനും പ്രദർശിപ്പിക്കാനും ഒരു സ്ഥിരം സംവിധാനം, ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ, ചർച്ചകൾ മുതലായവ. കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിന് സാധിക്കും | ജൂൺ മുതൽ മാർച്ച് വരെ | കലാ അദ്ധ്യാപകൻ, പ്രധാനാദ്ധ്യാപകൻ, പി.ടി.എ, വിദ്യാർത്ഥികൾ - വിവിധ തരത്തിലുള്ള സംഭാവനകൾ -മാനേജ്മെന്റ് പഞ്ചായത്ത് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആരോഗ്യ കായിക വിദ്യാഭ്യാസം

മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

ഉദ്ദേശം : കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

: അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക.

ഉപമേഖല : 1. കായിക മേഖല

2. ആരോഗ്യ മേഖല

ആമുഖം.

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞു വന്നുകൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക ശിക്ഷണ അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രവർത്തിച്ചുള്ള ജീവിത ശൈലി, യൗവനത്തിലും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിത ശൈലി കുട്ടികളെയും മുതിർന്നവരിലേയും ഒരുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വരുന്ന വർത്തിടയിൽ നിഷ്ക്രിയത്വവും, അനന്തര ഫലമായുള്ള അമിത മേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി

നാശം പതിക്കത്തിൽ പ്രതിഫലിക്കുന്നു.

ലോകത്തുള്ള മറ്റു രാജ്യങ്ങളേക്കാളും കൂടുതലായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്ത കാലത്ത് നടന്ന പഠനത്തിൽ വെളിപ്പെടുന്നു. ഇന്ത്യയിൽ 35നും 64നും ഇടയ്ക്കുള്ള പ്രായത്തിൽ ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞു പോകുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

2008നും 2020നും ഇടയിൽ നടത്തിയ സർവ്വേയിൽ 11,3043 കുട്ടികൾ പങ്കെടുത്തു. അവരിൽ 33537 നഗരവാസികളും 79506 പേർ ഗ്രാമവാസികളുമാണ്. ഇന്ത്യയുടെ വടക്ക് ഭാഗത്തും തെക്ക് ഭാഗത്തുമാണ് ഏറ്റവും ഉയർന്ന പ്രമേഹനിരക്കെന്ന് പഠനത്തിൽ കണ്ടെത്തി.

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി ഉൾ തലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്.

ലക്ഷ്യം :- കായിക ക്ഷമത വൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ

പ്രവർത്തനം:

1 യോഗ

2 സൈക്കിൾ

3 അത്‌ലറ്റിക്സ്.

*മേജർ ഗെയിം -വോളിബോൾ,ഫുട്ബോൾ, ഷട്ടിൽ

*മൈനർ ഗെയിംസ്

*എയ്റോബിക്സ്.

**യോഗ:-** 8,9 ക്ലാസിലെ കുട്ടികൾക്ക്,ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു.അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം.2025 ജൂൺ,ജൂലായ്,ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500X10 | | | 5000 |
| Total | | | | 8900 |

**സൈക്കിൾ:-**ജൂൺമാസത്തിൽ യു.പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു.ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും,അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾസവാരി പഠിപ്പിക്കാൻ തുടങ്ങുന്നു.ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു.പുതുതായി 4 സൈക്കിൾവാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | സൈക്കിൾ | 8500 | 4 | 34000 |
| Total | | | | 34000.00 |

## കിഡ്സ് അത്ലെറ്റിക്സ് & അത്ലറ്റിക്സ്.

| കിഡ്സ് അത്ത് ലെറ്റിക് സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |

| | | | | |
|---|---|---|---|---|
| [illegible] | റോപ്പ് ലേഡർ (50cm സ്ക്വയർ )5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40cm ,60cm | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| | **Total** | | | **15550** |

**മേജർ ഗെയിം.**

ഓഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമയി വോളിബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

[illegible] പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്യു . ഇതിന്റെ ഫണ്ട് ,പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും,പി.ടി.എ,യിൽ നിന്നും,മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾഗോൾ പോസ്റ്റ് (മിനി)2 സെറ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | **35500.00** |

**ഷട്ടിൽ ബാഡ് മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ചു.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |

| | | | | |
|---|---|---|---|---|
| | വോളിബോൾ | 780 | 4 | 3120 |
| 2 | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| 3 | മിനി ഗോൾ പോസ്റ്റ് | 1200 | 2 | 2400 |
| 4 | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| 5 | ഷട്ടിൽ ബാഡ് മിന്റൺ നെറ്റ് | 490 | 2 | 980 |
| 6 | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 8 | ഷട്ടിൽ ബാഡ് മിന്റൺ പോസ്റ്റ് | 750 | 2 | 1500 |
| 9 | ഖോ-ഖോ പോസ്റ്റ് | 500 | 2 | 1000 |
| | **Total** | | | **17930.00** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു. ജൂൺ,ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും,അല്ലാതെയും,താളാത്മകമായി ഏയ്റോബിക്ക്എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

**സാമ്പത്തിക അവലോകനം**

| ക്ര നം | ഇനങ്ങൾ | തുക |
|---|---|---|
| 1 | യോഗ | 8900:00 |
| 2 | സൈക്കിൾ | 34000:00 |
| 3 | കിഡ്സ് അത്‌ലറ്റിക് സ് | 15550:00 |
| 4 | ഫുട്ബോൾ | 35500.00 |
| 5 | മേജർ ഗെയിം | 17930.00 |
| | **Total** | **111830.00** |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

**ഇന്നത്തെ പ്രശ്നം** റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.

**ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.**

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം.വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻകഴിയണം. കാൽനടയായും,വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും,കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം.സീബ്ര ലൈൻ,

...ളവിളക്കുകൾ,ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോ...പ്പെടുത്തണം.ചെറിയകളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ.**

വാർത്ത, കൊളാഷ് വിശകലനം.

സീബ്രാ ലൈൻ -ചിത്ര നിരീക്ഷണം.

ട്രാഫിക് വിളക്കുകൾ- വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം കളി. തുടങ്ങിയവ

**മോണിറ്ററിംഗ്.**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

HIGH SCHOOL ICT ACADEMIC MASTER PLAN 2025 - 2026 KMHSS KUTTOOR NORTH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | **June - July** | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | August - September | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 3) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | October - November | ICT പരിശീലനം നേടിയ അധ്യാപകർ | |

| HIGH SCHOOL ICT ACADEMIC MASTER PLAN 2025 - 2026 KMHSS KUTTOOR NORTH | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 4)നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | December - February | ഐ.ടി. അധ്യാപകർ | |
| 5)സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |